# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2233

06.10.2016 -ൽ
മറുപടിയ്ക്ക്

**മൊകേരി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മൊകേരി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ഇതുവരെ ആരംഭിക്കാത്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | മൊകേരി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി നേരത്തെ രണ്ട് തവണ ടെണ്ടർ ചെയ്യുകയും ഒരു പ്രാവശ്യം ക്വാട്ടേഷൻ വിളിക്കുകയും ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കുകയുണ്ടായില്ല. |
| (ബി) | ഏത് വർഷമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; എത്രയായിരുന്നു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | 2014-ലാണ് ഭരണാനുമതി ലഭിച്ചത്. ഭരണാനുമതി തുകയും എസ്റ്റിമേറ്റ് തുകയും 10ലക്ഷം രൂപയാണ്. |
| (സി) | ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (സി) | ഈ പ്രവൃത്തി 30.08.2016-ന് ക്വാട്ടേഷൻ വിളിച്ചപ്പോൾ 9.8 ശതമാനം എസ്റ്റിമേറ്റ് റേറ്റിനെക്കാൾ കൂടിയ നിരക്കിൽ ഒരാൾ ഏറ്റെടുത്തിട്ടുണ്ട്. അത് അംഗീകാരത്തിന് സമർപ്പിക്കാനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ എൽ.എം.ആർ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | ഈ പ്രവൃത്തി പുനരാരംഭിക്കാനാകുമോ; ഇല്ലെങ്കിൽ ചുറ്റുമതിൽ നിർമ്മാണ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ടെണ്ടർ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകി എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**